നം.കെ.എസ്.എ.ടി.എസ്.ആർ.(പി.4)770/15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

Email: lfadtcr@gmail.com,

Ph: 0487 2331249

തീയതി: 12.10.2015

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2, 2-5 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-7, 3-8,3-19 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

2)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി4)770/2015 തിയ്യതി:12.10.2015

**തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ**

**2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 24.01.14 മുതൽ 23.05.2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2013-14വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സോഫി. എ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.05.2015മുതൽ 30.05.2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു. പി. എസ്. | ഓഡിറ്റ് ഓഫീസർ |
| | ജയകൃഷ്ണൻ.എസ്.<br><br>റീന ജോസഫ് | അസി.ഓഡിറ്റ് ഓഫീസർ<br>,, |
| | ഷാജിത. കെ.എം | സീ.ഗ്രേ.ഓഡിറ്റർ |
| | ഫെമിന. എ.എ. | ഓഡിറ്റർ |

| | | |
|---|---|---|
| | സുജാത.പി | ഓഡിറ്റർ ട്രെയിനി |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എം.സുലൈമാൻ | 01.04.2013 മുതൽ 31.03.2014 വരെ |
| സെക്രട്ടറി | ടി.ഗീത | 01.04.2013 മുതൽ 30.04.2013 വരെ |
| | എൻ.എം.ഷെരീഫ്, അസി. സെക്രട്ടറി, ഇൻ ചാർജ് | 01.05.2013 മുതൽ 19.06.2013 വരെ |
| | ഷൈബ ഗോപാൽ | 20.06.2013 മുതൽ 05.07.2013FN വരെ |
| | വി.മായ | 05.07.2013AN മുതൽ 07.12.2013 വരെ |
| | എൻ.എം.ഷെരീഫ്, അസി. സെക്രട്ടറി, ഇൻ ചാർജ് | 08.12.2013 മുതൽ 15.01.2014 വരെ |
| | എസ്.മധു, ജൂനിയർ സൂപ്രണ്ട്,സെക്രട്ടറി, ഇൻ ചാർജ് | 16.01.2014 മുതൽ 26.01.2014 വരെ |
| | വി.മായ | 27.01.2014 മുതൽ 31.03.2014 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | രാധിക.കെ.വി.<br><br>വൃന്ദ.യു. | 01.04.13മുതൽ 10.06.13വരെ<br><br>11.06.13 മുതൽ 05.02.14വരെ |

| | | |
|---|---|---|
| | രാധിക.കെ.വി. | 06.02.14 മുതൽ 31.03.14വരെ |
| അസിസ്ററന്റ് എഞ്ചിനീയർ | സുജിന.കെ.വി.<br><br>ജോസ്ന.വി.<br><br>എസ്സാന്റോ സെബാസ്റ്റ്യൻ | 01.04.13മുതൽ 24.05.13വരെ<br><br>25.05.13മുതൽ 16.07.13വരെ<br><br>17.07.13മുതൽ 31.03.14വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.താര.എം.എ. | 01.04.13 മുതൽ 31.03.14 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.മനോജ്.വി.തോമസ്<br><br>ഡോ.സിന്ധു ജോസഫ് | 01.04.13മുതൽ 10.06.13വരെ<br><br>11.06.13 മുതൽ 31.3.14 വരെ |
| എച്ച.എം.. | പ്രസന്ന.ടി.യു. | 01.04.13 മുതൽ31.03.14വരെ. |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ. | ബെനീറ്റ. | 01.04.13 മുതൽ31.03.14വരെ. |
| വെറ്ററിനറി സർജൻ | ഡോ.പത്മജ.പി.ബി. | 1.04.13 മുതൽ 31.03.14 വരെ |
| വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | കെ.സലാം. | 1.04.13 മുതൽ 14.08.13 വരെ |
| | ജസ്റ്റിൻ സെബാസ്റ്റ്യൻ. | 15.08.13 മുതൽ 12.11.13 വരെ |
| | കെ.എ.ഷൺമുഖൻ | 13.11.13 മുതൽ 31.03.14 വരെ |
| വി.ഇ.ഒ. (നെടുമ്പുര സർക്കിൾ) | കെ.സലാം | 01.04.13മുതൽ 16.07.13വരെ |

| | | |
|---|---|---|
| | ജസ്റ്റിൻ സെബാസ്റ്റ്യൻ | 17.07.13മുതൽ 12.11.13വരെ |
| | കെ.ഷൺമുഖൻ | 13.11.13മുതൽ 29.11.13വരെ |
| | വി.വി.രാജു. | 30.11.13 മുതൽ 27.1.14 വരെ |
| | കെ.ഷൺമുഖൻ | 28.01.14മുതൽ 14.03.14വരെ |
| | സിബി.സി.തോമസ്സ്. | 15.3.14 മുതൽ 31.03.14 വരെ |

## ഭാഗം –1

## പൊതു അവലോകനം

പൊതു അവലോകനം

1–1 ബജറ്റ്

2013-14വർഷത്തെ ബജറ്റ് 27-3-13 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി |
|---|---|
| 31.07.2014 | 16.05.2014 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2013-2014 | No.LFTE3-1404/14(60) /Dt.05.06.15 പ്രകാരം അപാകതകൾ പരിഹരിച്ച കത്ത് നൽകിയിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2524656.3

വരവ് - 74997783

ആകെ - 77522439.3

ചെലവ് - 75012700

നീക്കിയിരിപ്പ് - 2509739.3

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 46139 | 7785000 | 7831139 | 7352339 | 478800 | 94 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3780000 | 3780000 | 3280000 | 500000 | 87 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 45000 | 45000 | 45000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6814000 | 6814000 | 6811330 | 2670 | 99.96 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2056000 | 2056000 | 1780000 | 276000 | 87 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 74 | 4045305 | 4045379 | 4044000 | 1379 | 99.96 |
| പെർഫോമൻസ് ഗ്രാന്റ് | 91364 | 2183000 | 2274364 | 2274364 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 108842 | 7151590 | 7260440 | 7219843 | 40597 | 99% |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | --- | 14883442 | 14883442 | 14883442 | --- | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 85594714 | 84 | 35662696 | ഇല്ല | 60 | 58 |
| | | | | | | |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) ക്യാൻസർ രോഗനിർണ്ണയ ക്യമ്പ്

2) അംഗൻവാടിക്ക് സ്ഥലം വാങ്ങൽ

3) സോളാർ സ്ട്രീറ്റ് ലൈറ്റ്

4) പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ

5) ആട്ട വളർത്തൽ

6) സാനിറ്ററി ലാട്രിൻ(ജനറൽ)

7) വനിതാകാന്റീനിലേക്ക് ഫർണ്ണിച്ചർ,അടുക്കള ഉപകരണങ്ങൾ വാങ്ങൽ

8)വീട് പുനരുദ്ധാരണം(ജനറൽ)

9)അംഗൻവാടികളിലേക്ക് ഫർണ്ണിച്ചർ,പ്രഷർകുക്കർ വാങ്ങൽ

10)പെയിൻ & പാലിയേറ്റീവ് വാഹനം വാങ്ങൽ

11)വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വിപുലീകരണം

12)ഫ്ലാറ്റ് എസ്.സിയിലും വനിതാ വികസന കേന്ദ്രത്തിലും സോളാർ പാനൽ

തുടങ്ങി 12 പ്രോജക്ടുകൾ ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 84 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3374575 | 3425071 | (+)50496 | (+)1.5 |
| നികുതിയേതര വരവുകൾ | 1377759 | 1321839 | (-)55920 | (-) 4 |
| മറ്റുവരവുകൾ | 42670026 | 2994839 | (-)39675187 | (-) 93 |
| ആകെ | 47422360 | 7741749 | 39680611 | (-) 84 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71400 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 1473400 | 309 |
| വിധവാപെൻഷൻ | 8605025 | 1065 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1268872 | 255 |
| | | |
| വികലാംഗപെൻഷൻ | 2266106 | 266 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.05.2015 ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6661/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-05-2015 | 1-04-2014മുതൽ 31-12-2014 | ലഭിച്ചിട്ടില്ല |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- •

- •

## 2-1 തൊഴിൽ നികുതി പരിശോധന -അപാകതകൾ

1. **തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ ഒരു പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമക്കോ നൽകേണ്ടതുമാണ്. ഈ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു കാണുന്നില്ല. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കാത്തതുകൊണ്ട് പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

**2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിനുള്ളിൽ ബിസിനസ് ചെയ്യുന്ന

സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കാൻ വിട്ടുപോയ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

| ക്രമനം. | സ്ഥാപനം | 2013-14 അർദ്ധ വർഷം |
|---|---|---|
| 1 | ധനലക്ഷ്മി ബാങ്ക്, ചെറുതുരുത്തി | I & II |
| 2 | BSNL | I & II |
| 3 | മണപ്പുറം ഫൈനാൻസ്, ചെറുതുരുത്തി | I &II |
| 4 | കൊശമറ്റം ഫിനാൻസ്, വള്ളത്തോൾ നഗർ | I & II |
| 5 | ഹിൽവാല്യു കുറീസ് | I & II |
| 6 | യോഗക്ഷേമം കുറീസ് | I & II |
| 7 | സിറ്റി ഓഡിറ്റോറിയം | I & II |
| 8 | നിലാഞ്ജലി ഓഡിറ്റോറിയം | I & II |
| 9 | രാഗമാലിക ഓഡിറ്റോറിയം | I & II |
| 10 | രാജീവ് ട്രാവൽസ് | I & II |
| 11 | ജമീല ട്രാവൽസ് | I & II |

**3. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കാൻ വിട്ടുപോയ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.**

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | Piezo Techno Products | I & II |
| 2 | കരുണ ഡെന്റൽ ക്ലിനിക് | I |
| 3 | നേതാജി മെമ്മോറിയൽ സ്കൂൾ, ചെറുതുരുത്തി | I |
| 4 | കേരള വാട്ടർ അതോറിറ്റി (പമ്പ് ഹൗസ്), വടക്കാഞ്ചേരി | I |
| 5 | ഭാരത് മാതാ കുറീസ്, ചെറുതുരുത്തി | I |
| 6 | സ്വപ്ന നഴ്സിംഗ് ഹോം, ചെറുതുരുത്തി | I |

| | | |
|---|---|---|
| 7 | നൂറുൽഹുദാ പബ്ലിക് സ്കൂൾ, ചെറുതുരുത്തി | I |
| 8 | ചെറുതുരുത്തി ക്ലിനിക് | I |
| 9 | ഡിസ്കവറി കുറീസ് | I & II |
| 10 | ഹിൽവാല്യൂ കുറീസ് | I & II |

സ്ഥാപന/ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4/27.5.2015 ന് മറുപടി മറുപടി ലഭ്യമാക്കിയെങ്കിലും മേൽ പ്രസ്താവിച്ച സ്ഥാപന/ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. **തൊഴിൽ നികുതി കണക്കാക്കുമ്പോൾ വീട്ടുവാടക ബത്ത കണക്കാക്കേണ്ടതില്ല.**

2013-14 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തിയാണ് ഭൂരിപക്ഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധ വർഷം വീട്ടുവാടകബത്ത, യാത്രാ അലവൻസ് എന്നിവ ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. വീട്ടുവാടക ബത്ത ഉൾപ്പെടുത്തിയതു മൂലം അധിക നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പേരും ഉദ്യോഗപ്പേരും | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം എച്ച്.ആർ.എ., യാത്രാ അലവൻസ് എന്നിവ ഒഴികെ | ഈടാക്കിയ തൊഴിൽ നികുതി | | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| | | | തുക രൂപ | രസീത് നമ്പർ/ തിയതി | |
| ശ്രീമതി.രഞ്ജിനി.കെ.ആർ, ലബോറട്ടറി ടെക്നീഷ്യൻ, പഞ്ചകർമ്മ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചെറുതുരുത്തി | 2013-14 Ist Half | 115353/- | 1250 | 1131550022/31.8.13 | 1000 |
| ശ്രീ.സനൽഗോപി,ലബോറട്ടറി ടെക്നീഷ്യൻ-ടി- | -ടി- | 115353/- | 1250 | -ടി- | 1000 |
| ശ്രീ.കെ.ശിവൻ, Labourer-ടി- | -ടി- | 114438/- | 1250 | -ടി- | 1000 |
| ശ്രീ.ജസ്റ്റിൻ സെബാസ്റ്റ്യൻ, വി.ഇ.ഒ., ബി.ഡി.ഒ.ഓഫീസ്, പഴയന്നൂർ | -ടി- | 99706/- | 1000 | 11315101243/7.8.13 | 750 |

മേൽ അപാകത പരിഹരിക്കേണ്ടതാണ്.

## 2-2 പരസ്യനികുതി -രേഖകൾ ഹാജരാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം പരസ്യ നികുതി ഇനത്തിൽ 12155/- രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്റർ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/29.5.15ന് മറുപടി ലഭ്യമാക്കിയില്ല.

## 2-3 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

2013 -14 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- അപേക്ഷകളെല്ലാം രജിസ്റ്ററിലെ സീരിയൽ നമ്പറിന്റെ ക്രമത്തിൽ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.
- അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം, ഒപ്പ് എന്നിവ ഇല്ലാതെയാണ് ഭൂരിഭാഗം ലൈസൻസുകളും അനുവദിച്ചിരിക്കുന്നത്.
- ഭക്ഷ്യ ഉൽപന്നങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന ലൈസൻസികളിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ്, സ്ഥലമുടമയല്ലെങ്കിൽ വാടകകരാറിന്റെ പകർപ്പ്, നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉപയോഗിക്കുകയും വിൽപ്പന നടത്തുകയുമില്ലെന്നുള്ള സത്യവാങ്മൂലം, സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്ന സത്യവാങ്മൂലം മുതലായവ സ്വീകരിക്കാതെയാണ് എല്ലാ ലൈസൻസുകളും അനുവദിച്ചിരിക്കുന്നത്.

ഈകാര്യത്തിൽ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകുന്നത്-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 ഷോപ്പിംഗ് കോംപ്ലക്സുകളിലായി യഥാക്രമം ബാങ്ക് ബിൽഡിംഗിൽ 19, കെ.എസ്.ഇ.ബി. ബിൽഡിംഗിൽ 16, കോറോനേഷൻ ബിൽഡിംഗിൽ 18 എന്നിങ്ങനെ 53 മുറികളാണ് ഉള്ളത്. ഷോപ്പിംഗ് കോംപ്ലക്സ് വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

(1)മുറികൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല

- ബാങ്ക് ബിൽഡിംഗ്, കെ.എസ്.ഇ.ബി. ബിൽഡിംഗ് എന്നിവയിലെ വാടകക്കാരുമായി ചമച്ച എഗ്രിമെന്റുകളിൽ വാടക എല്ലാ മാസവും 5-ാം തിയതിക്കു മുമ്പ് ഒടുക്കണം എന്ന് പറയുന്നുണ്ടെങ്കിലും വൈകി ഒടുക്കുന്നവരിൽ നിന്നും ഈടാക്കേണ്ട പിഴപലിശയെക്കുറിച്ച് പ്രതിപാദിക്കുന്നില്ല.
- ഹാജരാക്കിയ റെന്റ് രജിസ്റ്റർ പ്രകാരം കൊറോനേഷൻ മാർക്കറ്റിലെ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക ഒടുക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| റൂം നം. | വാടകയ്ക്ക് നൽകിയ വ്യക്തിയുടെ പേര് | പ്രതിമാസ വാടക |
|---|---|---|

| | | |
|---|---|---|
| 2 | ശ്രീമതി.സിബ, W/o.കൃഷ്ണൻകുട്ടി | 2050/- |
| 4 | ഹബീബ് റഹ്മാൻ കിണറ്റങ്കൽ | 2500/- |
| 5 | യൂസഫ്, മാവടിയിൽ | 2600/- |
| 7 | എം.എസ്.അബ്ദുൾനാസർ | 2300/- |
| 8 | പി.സി.വിജയകുമാർ, പാറക്കത്തൊടി വീട് | 2350/- |
| 9 | എ.കെ.അബ്ദുൾ മുത്തലിഫ്, ആഞ്ഞൂർ നിലത്ത് | 2250/- |
| 10 | എം.മൊയ്തുട്ടി, മനയ്ക്കൽ പാടത്ത് | 2100/- |
| 11 | പി.ജി.ഗോപകുമാർ, പടിഞ്ഞാറെ മുല്ലയ്ക്കൽ | 2400/- |
| 12 | -ടി- | 3050/- |

കൂടാതെ റെന്റ് രജിസ്റ്റർ പ്രകാരം കൊറോനേഷൻ മാർക്കറ്റിലെ മുറികൾ റൂം നം. 1- അബ്ദുൾ സലാം, റൂം നം. 2,3, 4- മായിൻ അബൂബക്കർ.എ.കെ., റൂം നം. 5- എം.എം.സലിം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മുറികൾ വാടകയ്ക്ക് നൽകിയതിന്റെ എഗ്രിമെന്റ്, ലേല ഡയറികൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/27.5.2015 ന് 'പ്രസ്തുത മുറികളുടെ വാടക 15.12.2014ലെ 473-ാം നമ്പർ തീരുമാനപ്രകാരം 2014 ഡിസംബർ മുതൽ വാടക വാങ്ങുന്നതിന് തീരുമാനിച്ചു' എന്നാണ് മറുപടി നൽകിയിരിക്കുന്നത്. 2014 ഡിസംബർ വരെയുള്ള വാടക ഈടാക്കാതിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ എഗ്രിമെന്റ് പ്രകാരമുള്ള

വാടക ഈടാക്കേണ്ടമാണ്.

- KSEB ബിൽഡിംഗിലെ റൂം നം. IX/483A – അബ്ദുൾലത്തീഫ്, മാവത്തൊടി, വെട്ടിക്കാട്ടിരി ഫെബ്രുവരി, മാർച്ച് 2014 മാസങ്ങളിലെ വാടക 1040/- (945+945) രൂപ ഒടുക്കിയിട്ടില്ല. ടി വ്യക്തിയിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മായിൻ അബൂബക്കർ, ആലഞ്ചേരി ഹൗസ്, ഷൊർണ്ണൂർ എന്ന വ്യക്തിയുടെ 2010-11 ലെ വാടക കുടിശ്ശിക 18060/- രൂപ ഓഡിറ്റ് കാലയളവിലും ഈടാക്കിയിട്ടില്ല. ടി വ്യക്തിയിൽ നിന്നും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ, ടി വ്യക്തിക്ക് ഇപ്പോഴും മുറി വാടകയ്ക്ക് നൽകിയിട്ടുണ്ടോ? എന്നീ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി 3/27.5.15ന് മറുപടി ലഭ്യമാക്കിയില്ല. ടി വ്യക്തിയിൽ നിന്നും കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- 
- 

### 3-1 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാള്യം ഒന്ന് ആർട്ടിക്കിൾ 282 (1) അനുസരിച്ച് 3 വർഷ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 1994 മുതലുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. ഇക്കാര്യത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തിയത്-തുക തിരികെ ലഭ്യമാക്കിയിട്ടില്ല.

01.04.013 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ പ്രേരക് ശ്രീമതി.ജയശ്രീ എൻ-ന് നല്കിയ ഹോണറേറിയം ജി.ഒ(എം.എസ്)1139/2012 തസ്വ.ഭ.വ 17.04.2012 പ്രകാരം സംസ്ഥാന സാക്ഷരതാ മിഷൻ തിരികെ നൽകണമെന്ന വ്യവസ്ഥയിലാണ് അനുവദിച്ചത്. എന്നാൽ 2013-14 സാംപത്തികവർഷത്തിലും ഇപ്രകാരം നല്കിയ തുക സാക്ഷരതമിഷനിൽ നിന്ന് തിരികെ ലഭ്യമായിട്ടില്ല.

ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പ്രൊക്യൂർമെന്റ് കമ്മിറ്റി പാസാക്കാതെ വാങ്ങലുകൾ നടത്തി.

സർക്കാർ ഉത്തരവ് (പി) 259/2010/തസ്വഭവ, തിയതി 8.11.2010 പ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പാസാക്കേണ്ടതും അതനുസരിച്ച് വാങ്ങലുകൾ നടത്തേണ്ടതുമാണ്. എന്നാൽ 2013-14 വർഷം സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ അതിന്റെ ഭാഗമായി വാങ്ങലുകൾ നടത്തിയത് പ്രൊക്യൂർമെന്റ് കമ്മിറ്റി പാസാക്കാതെയാണ്. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്, പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം./ചെക്ക് നം.<br>തീയ്യതി |
|---|---|---|---|
| 1. വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (26/13-14) | 425000 | 340000 | 29/13-14, 31.3.2014 |
| 2. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (104/13-14) | 960000 | 900000 | 18/13-14, 13.3.14 |

| | | | |
|---|---|---|---|
| | | | |

ഈ വാങ്ങലുകൾ നടത്തിയപ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പാസ്സാക്കിയിട്ടില്ല.ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ളപദ്ധതികളിൽ ആകെ 40 എണ്ണത്തിന്റെകറന്റ് ചാർജ്ജ് ആണ് പഞ്ചായത്ത് അടവാക്കിയിട്ടുള്ളത്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവയുടെ വൈദ്യുതിചാർജ്ജ് പഞ്ചായത്തിന് വളരെയധികം ബാധ്യത വരുത്തുന്നതാണ്. തൻവർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് അടവാക്കിയിരിക്കുന്നത് 10,11,192/-രൂപയാണ്. G.O(M.S) 20/2002 Planning dt.6.6.2012 കേരള വികസനപദ്ധതി പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതികളെ ഏല്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്ന് ന്യായമായ വാട്ടർചാർജ്ജ് പിരിച്ചെടുക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 അഡ്വക്കേറ്റ് ഫീ നല്കിയത്-പഞ്ചായത്ത് ഡയറക്ടറുടെ അനുവാദം വാങ്ങിയിട്ടില്ല.

2003-ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടം 5 പ്രകാരം വക്കീൽ ഫീസ് താഴെ വിവരിക്കുന്ന പ്രകാരമാണ് നൽകേണ്ടത്.

1. സിവിൽ കേസുകളിൽ നിയമാനുസൃത ഫീസ് അല്ലെങ്കിൽ കേസൊന്നിന് 1500 രൂപയിൽ കവിയാതെ പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസാണ് നല്കേണ്ടത്.
2. ക്രിമിനൽ കേസുകളിൽ അഭിഭാഷകൻ പ്രാക്ടീസ് ചെയ്യുന്ന കോടതിയിൽ മൂന്നു മണിക്കൂറിൽ കുറഞ്ഞ സമയം.ഓരോ ദിവസത്തിനും 250 രൂപയിൽക്കവിയാതെ. മൂന്നു മണിക്കൂറിൽ കൂടുതൽ-ഓരോ ദിവസത്തിനും 500 രൂപയിൽക്കവിയാതെ.
3. ഒരേ ദിവസം ഒന്നിൽക്കൂടുതൽ കേസുകൾക്ക് ഒരേ കോടതിയിൽ/ഒരേ സ്ഥലത്തുള്ള കോടതിയിൽ ഹാജരായാൽ 500 രൂപയിൽക്കവിയരുത്.
4. കീഴ്ക്കോടതിയിൽ കേസ് നടത്തിയ അഭിഭാഷകന് അപ്പീൽ സംബന്ധിച്ച് നിയമോപദേശത്തിന് ഫീസ് നല്കേണ്ടതില്ല.
5. മേൽക്കോടതിയിൽ അപ്പീൽ കേസ് നടത്തുവാൻ പരമാവധി 2000 രൂപ.
6. ഹൈക്കോടതിയിൽ കേസ് നടത്തുവാൻ കേസ്സൊന്നിന് 3000 രൂപയിൽക്കവിയാത്ത ഫീസ് നല്കാം.
7. ചട്ടം 4(2) പ്രകാരം സങ്കീർണ്ണ നിയമപ്രശ്നങ്ങൾ ഉള്ള കേസുകളിൽ പരിധിയിൽക്കവിഞ്ഞ പ്രതിഫലം നല്കാൻ പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വേണം. എന്നാൽ താഴെ വിവരിക്കുന്ന സന്ദർഭങ്ങളിൽ പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങിയതായി കാണുന്നില്ല.

| കേസ് നം. | | അഡ്വക്കേറ്റ് | വിഷയം | ചെക്ക് നം/തീയ്യതി. | തുക |
|---|---|---|---|---|---|
| Wpc 16758/13 | Vallatholnagar vs District collector | പി.സി.ശശിധരൻ | മണൽ ലോറി സംബന്ധിച്ച് | ch.No.47382/5.9.2013. | 5000/- |
| Wpc 18024/08 | K.S.Moideenkutty & others | സന്തോഷ് പൊതുവാൾ | മെംബർമാരുടെ അയോഗ്യത സംബന്ധിച്ച് | ch.No.33615/14.8.2013. | 5000/- |

ഇക്കാരണത്താൽ ഇതുമായി *ബന്ധപ്പെട്ട 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.*

## 3-6 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം -അധിക തുക അനുവദിച്ചു.

സർക്കാർ ഉത്തരവ് (എം. എസ്) 76/2012 സാമൂഹ്യ നീതി വകുപ്പ് , തീയതി 26.12.12 പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം, 26/12/12ന ശേഷം നടന്ന വിവാഹങ്ങൾക്കാണ് 20,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ തിയ്യതിക്ക് മുൻപു നടന്ന വിവാഹങ്ങൾക്കും 20,000 രുപ വീതം അനുവദിച്ചതായി കാണുന്നു.

വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷാ തിയ്യതി | വിവാഹ തിയ്യതി | ഡി.ഡി നം /തിയതി / അനുവദിച്ച തുക |
|---|---|---|---|
| ശ്രീമതി, മേലേതിൽ, പള്ളം | 05/2012 | 07.05.2012 | 820740,10.09.2013/ 20,000 |
| ഫാത്തിമ, ചെമ്മാട്ടുകുളമ്പിൽ, പള്ളം | 18.05.2012 | 20.05.2012 | 820741,10.09.2013/ 20,000 |
| കമലം, വാളക്കോട്ടിൽ, വെട്ടിക്കാട്ടിരി | 21.05.2012 | 24.06.2012 | 820745,10.09.2013/ 20,000 |
| നബീസ, പടിഞ്ഞാറംകുന്നത്ത്, നെടുമ്പുര | -- | 26.08.2012 | 820743,10.09.2013/ 20,000 |

| | | | |
|---|---|---|---|
| അയിഷ, ഉമ്പത്ത്, ചെറുതുരുത്തി | 14.09.2012 | 07.10.2012 | 820744,10.09.2013/ 20,000 |
| വി. കെ. റുക്കിയ, മാനക്കൽപാടത്ത് ഹൌസ്, നെടുമ്പുര | --- | 04.11.2012 | 820745,10.09.2013/ 20,000 |
| ഐഷ, പുത്തൻപീടികയിൽ, താഴപ്ര. | 30.01.13 ന് മാപ്പപേക്ഷ | 12.11.2012 | 820746,10.09.2013/ 20,000 |

10,000 രൂപവീതമാണ് ധനസഹായം അനുവദിക്കാവുന്നത്. ധനസഹായം അധികം അനുവദിച്ച 70,000 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-7 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-അർഹമായതിലും കൂടുതൽ അനുവദിച്ചു- നിർവ്വഹണം- എെ.സി.ഡി.എസ്.സൂപ്പർവൈസർ.

2013-14 സാമ്പത്തികവർഷം ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അനുവദിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കൂടുതൽ അനുവദിച്ചതായി കാണുന്നു.

| ഗുണഭോക്താവ് | ക്ലാസ് | വൈകല്യം | അനുവദിച്ച തുക/ഡിഡി നം | അനുവദിക്കേണ്ടത് | അധികം |
|---|---|---|---|---|---|
| ഷഫാഹത്ത്,തോട്ടുമുച്ചിക്കൽ | 8 | ശാരീരികം (കേൾവി) | 9600/- 126280/28.3.14 | 6600/- | 3000/- |
| അഖില, പണ്ടാരത്തൊടി | 9 | ശാരീരികം (കേൾവി) | 9600/- 126280/28.3.14 | 8000/- | 1600/- |
| ശരണ്യ, വിളക്കേത്തല | 10 | ശാരീരികം | 9600/- 126280/28.3.14 | 8000/- | 1600/- |

| | | | | | |
|---|---|---|---|---|---|
| | | കേൾവി) | | | |
| | | | ആകെ | | 6200/- |

അർഹമായതിലും കൂടുതൽ അനുവദിച്ച 6200/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ഭവനനിർമ്മാണം-ആദ്യഗഡു വാങ്ങി തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല.

2013-14 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണം പദ്ധതിയിൽ ആദ്യഗഡു ധനസഹായം കൈപ്പറ്റിയതിനുശേഷം തുടർ നിർമ്മാണപ്രവർത്തനങ്ങൾ നടത്താത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | കരാർ തിയതി | ഡിഡി.നം/തിയതി | തുക |
|---|---|---|---|
| കദീജമുഹമ്മദ്, ചുങ്കോണത്ത് | 6-11-13 | 615981/24.2.14 | 50000 |
| സീനത്ത് ബഷീർ, പരിച്ചിക്കട | 7-11-13 | 616002/24.2.14 | 50000 |
| നദീറ ജാഫർസാദത്ത്, മുളക്കൽ | 7-11-13 | 615980/24.2.14 | 50000 |
| പദ്മാവതി, ഒറവംപാടത്ത് | 7-11-13 | 615990/24.2.14 | 50000/- |
| ലക്ഷ്മികൃഷ്ണൻ, കണ്ണൻചാന്ത്പറമ്പിൽ | 6-11-13 | 615994/24.2.14 | 50000/- |
| സാബിദ.മേച്ചേരിക്കുന്നത്ത് | 6-11-13 | 127809/21.4.14 | 30000/-(തറപ്പണി തുടങ്ങിയിട്ടില്ല-ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.) |

മേൽ ഗുണഭോക്താക്കൾ തുടർപ്രവർത്തനങ്ങൾ സ്വീകരിക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തറ വിസ്തൃതി പരിധി കണക്കാക്കാതെ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചു

2013-14 സാമ്പത്തികവർഷം നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതി ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകളിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകൾ(നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) പരിശോധിച്ചതിൽ തറ വിസ്തൃതി പരിഗണിക്കാതെ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചതായി കാണുന്നു. ജി.ഒ.(എം.എസ്.)248/2012 തീ. 29.9.12 ലെ സബ്സീഡി മാർഗ്ഗരേഖ പ്രകാരം 30 ച.മീ.കുറയാത്തതും 60 ച.മീറ്ററിൽ കൂടാത്തതുമായ തറ വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ എന്നിരിക്കെ തറ വിസ്തൃതിയുടെ പരിധി കണക്കാക്കാതെ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | പെർമിറ്റ് നമ്പർ | തറവിസ്തീർണ്ണം | ആകെ അനുവദിച്ച തുക |
|---|---|---|---|
| സൽമ അബ്ദുൾഖാദർ, പുളിക്കൽ | B2-2293/2014 dt 28-4-2014 | 77m2 | 200000/- |
| രാധ കുട്ടൻ,കുംഭാരത്തെരുവ് | B4-7565/2013 dt 24-12-13 | 80m2 | 1,50000/- |
| ഷീജരമേഷ്, മുതലപ്പാറ | A6-8703/2012 dt 14.12.12 | 90m2 | 155000/- |
| ഫാത്തിമ അബ്ദുൾറഷീദ്, തട്ടാരവളപ്പിൽ | B1-6849/13 dt 26.11.13 | 73.39 m2 | 200000/- |
| സീനത്ത്ബഷീർ, പരിച്ചിക്കട | B2-1446/14 dt 14.3.14 | 81 m2 | 50000/- |

തറവിസ്തൃതി പരിഗണിക്കാതെ ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/28.5.15)

## 3-10 നിലം നികത്ത് കമ്മിറ്റി തീരുമാനങ്ങൾ ഹാജരാക്കിയില്ല

2013-14 സാമ്പത്തിക വർഷം ഭവനനിർമ്മാണ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ കൈവശസർട്ടിഫിക്കറ്റിൽ നിലം എന്ന രേഖപ്പെടുത്തിയ ഭൂമിയിൽ ഭവനനിർമ്മാണം നടത്തിയതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | സർവ്വേ നം | ഏരിയ | അനുവദിച്ച തുക | ഡിഡി നം |
|---|---|---|---|---|---|
| 1 | സാബിദ, മേച്ചേരിക്കുന്നത്ത് | 412/13 | 0.0202ആർ | 30000/- | 127809/21-4-14 |
| 2 | നബീസ സിദ്ദിഖ്, കറുഞ്ചാമയിൽ | 708/15 | 5 സെന്റ് | 30000/- | 796815/25-7-14 |
| 3 | ദേവയാനി ,തെക്കേകരമേൽ | 222/11 | 0.0202ആർ | 200000/- | പൂർത്തീകരിച്ച |
| 4 | ബുഷറ മൻസൂർ, കക്കാട്ടിരി | 568/p | 0.283 ആർ | 200000/- | പൂർത്തീകരിച്ച |
| 5 | റഹ്മത്ത് മുജീബ്റഹ്മാൻ, പുത്തൻപുരക്കൽ | 221/2 | 0.0162 ആർ | 1,20000/- | --- |
| | | | | | |

നിലം നികത്ത് കമ്മറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ക്രമനം.2 ന്റെ അപേക്ഷ14/2/12 ലെ തീരുമാനം 2 പ്രകാരം നിരസിച്ചതായി കാണുന്നു.നിലം നികത്ത് കമ്മറ്റിയുടെ അംഗീകാരമില്ലാതെ സ്ഥലത്ത് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.കൂടാതെ ക്രമനം.5 ന്റെ അപേക്ഷ 17/12/14 ൽ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്.മറ്റു ഗുണഭോക്താക്കളുടെ നിലം നികത്തി വീടു വെയ്ക്കുന്നതിന് നിലം നികത്ത് കമ്മിറ്റി അംഗീകാരം നൽകിയ രേഖകൾ ഹാജരാക്കുന്നതു വരെ അനുവദിച്ച തുക 2,60000/-രൂപ തടസ്സത്തിൽവെയ്ക്കുന്നു.

## 3-11 ബാലസഭ-പദ്ധതിനടത്തിപ്പിലെ അപാകതകൾ

എെ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ കലാ സാഹിത്യ ക്വിസ് മത്സരങ്ങൾ, പഠനയാത്രകൾ എന്നിവയ്ക്ക് വേണ്ടി വികസനഫണ്ടിൽ നിന്നും ട്രഷറി ബിൽ നം.1/2013-14 dt 26.3.2014 പ്രകാരം 25000/-രൂപ പിൻവലിച്ച് ബാലസഭ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. 28-12-13 തിയതിയിൽ ചെറുഉരുത്തി സ്കൂളിൽ വെച്ച് നടത്തിയ ബാലസഭ ക്യാമ്പിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ന്യൂ എം.എ മെറ്റൽമാർട്ട്, തങ്ങൾസ് ആർക്കേഡ് പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ 20-5-2014 ലെ ഇൻവോയ്സ്.നം.77 പ്രകാരം 17500/-രൂപയുടെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ കൈപ്പറ്റ് രസീതി പ്രകാരം (ഡി.ഡി.നം.126070/27.3.14) തുക കൈപ്പറ്റിയിരിക്കുന്നത് ശ്രീ.സിദ്ധിഖ്.മെട്രോഹോം ബസാർ എന്നവരുടേതാണ്.ഈ വൈരുദ്ധ്യത്തിന് വിശദീകരണം നൽകേണ്ടതാണ്.

2.175 കുട്ടികൾ പങ്കെടുത്ത പരിപാടിക്ക് സമ്മാനം നൽകുന്നതിനായി 190 എണ്ണം പ്ലേറ്റുകൾ വാങ്ങിയിട്ടുണ്ട്.ഇവ വിതരണം ചെയ്ത രേഖകൾ ഇല്ല.190 എണ്ണം വാങ്ങിയതിൽ ബാക്കിയുള്ള പ്ലേറ്റുകളുടെ വിതരണം ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 25,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണംനടത്തിയ പദ്ധതികളിലെ അപാകതകൾ

1. കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല

നീതി സ്റ്റോർ, കിള്ളിമംഗലം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ്.നം.966/26.3.14 പ്രകാരം 183910/-രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതിന് രസീതി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 183910/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

അനുപൂരക-പൂരക പോഷണ പരിപാടിയുടെ ഭാഗമായി വാങ്ങുന്ന സാധനങ്ങൾ ,മറ്റു ഭക്ഷ്യധാന്യ പ്രൊജക്റ്റുകളിലൂടെ ലഭ്യമാകുന്ന ഭക്ഷ്യധാന്യം എന്നിവ യഥാവിധി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നം, സ്ഥാപനം, തുക, കൈപ്പറ്റിയ തീയതി എന്നിവ ചേർത്തിട്ടില്ല.

3.ലാബ് റിപ്പോർട്ടുകൾ സൂക്ഷിച്ചിട്ടില്ല

ഐ.സി.ഡി.എസ് ബി-3 -312/2010 dt 18.12.2010 ഉത്തരവ് പ്രകാരം ഓരോ രണ്ടുമാസത്തിലൊരിക്കൽ ന്യൂട്രിമിക്സ്സാമ്പിളുകൾ പരിശോധനാവിധേയമാക്കേണ്ടതാണ്.അതു പ്രകാരം ലഭിച്ച ലാബ് റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4.ഭക്ഷ്യധാന്യം-വിതരണം ചെയ്തതിന് രേഖകളില്ല.

നീതി സ്റ്റോർ കിള്ളിമംഗലത്തിന്റെ 17.1.14 ലെ inv,no.799/17.1.14 പ്രകാരം 1440 kg അരി ഇറക്കിയതിനുള്ള തുക സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.എന്നാൽ വിതരണ സ്റ്റേറ്റ്മെന്റിൽ 1200kg വിതരണം മാത്രമാണ് കാണിച്ച്ിട്ടുള്ളത്..ബാക്കി അരി ലഭിച്ച് അത് വിതരണം

നടത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

5. നിർഭയ -സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ, സ്ത്രീ പദവി പഠന സെമിനാർ, ജാഗ്രതാസമിതി നിയമസഹായങ്ങൾഎന്നിവയ്ക്കു വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയത്.(ടഠ016/14).വികസനഫണ്ടിൽ നിന്നും 25000/- (ട്രഷറി ബിൽ നം.12/13-13തി.21-3-14)ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.ഫയൽ സൂക്ഷിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| പരിപാടി | നടന്ന ദിവസം(അറ്റൻഡൻസ് പ്രകാരം) | ഭക്ഷണത്തിന്റെ വൌച്ചർ തിയതി | ക്ലാസ് എടുത്തവർ രസീതി യിൽ കാണിച്ച തിയതി |
|---|---|---|---|
| അയൽക്കൂട്ട അംഗങ്ങൾക്കായി കലാസാംസ്കാരികപരിപാടി | 29-12-13 | Bill no.489/29.3.14 | 1.സ്ത്രീശാക്തീകരണ അവബോധം നൽകിയതിന്-K.P.Moly-EOWW—29/12/13.<br><br>നിയമപഠനങ്ങൾ-അഡ്വ.എൽദോ-29.12.13 |
| സ്ത്രീശാക്തീകരണ പരിപാടി | 23-3-14 | Bill.no.488/23.3.14 | 1.അംജാദ് റിയാസ്-JHI-26-3-14ലെപരിപാടി യ്ക്ക് ക്ലാസ് എടുത്തതിന് |

ഇപ്രകാരം വ്യത്യാസം വന്നതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 ഗുണഭോക്താക്കളുടെ അപേക്ഷയിൽ നിന്നും വ്യത്യസ്തമായി സബ്സിഡി തുക അനുവദിച്ചു.

2013-2014 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ നിന്നും വ്യത്യസ്തമായി അധിക എണ്ണത്തിന് സബ്സിഡി തുക അനുവദിച്ചു.വിശദാംശം താഴെ.

പ്രൊജക്ട് -വാഴകൃഷിക്ക് രാസവളം, ജൈവവളം വിതരണം(s0032/14)

അടങ്കൽ-461012/-

പ്രൊജക്ട് -തെങ്ങ് കൃഷിക്ക് തെങ്ങിൻതൈ, രാസവളം, ജൈവവളം വിതരണം.(s0033/14)

അടങ്കൽ-360750/-

| ഗുണഭോക്താവ് | ഇനം | അപേക്ഷ പ്രകാരം എണ്ണം | സബ്സിഡി അനുവദിച്ച എണ്ണം | പെർമിറ്റ് നം |
|---|---|---|---|---|
| ബാലൻ, ചെമ്മങ്ങാട്ടിൽ | വാഴ | 20 | 50 | JBVN-12/13-14 |
| അയ്യപ്പൻ, വെളുത്തേടത്ത്പറമ്പിൽ | വാഴ | 10 | 50 | JBVN-20/13-14 |
| സുഭദ്ര പിഷാരസ്യാർ , വടക്കേപ്പിഷാരത്ത് | വാഴ | 50 | 500 | JBVN-45/13-14 |
| ഹൈദർ അലി , പതിപറമ്പിൽ | വാഴ | 50 | 100 | JBVN-55/13-14 |
| സൈതലവി, പൂവ്വത്തിങ്കൽ | തെങ്ങ് | 24 | 50 | JC11/13-14 |
| സൈതലവി, പൂവ്വത്തിങ്കൽ | തെങ്ങ് | അപേക്ഷ പൂരിപ്പിച്ചിട്ടില്ല. | 20 | JC13/13-14 |
| മുഹമ്മദ് ഷാഫി, മാളിയേക്കൽ | തെങ്ങ് | അപേക്ഷ പൂരിപ്പിച്ചിട്ടില്ല. | 50 | JC 92/13-14 |
| ഗോവിന്ദൻകുട്ടി, കോടാങ്കിൽ | തെങ്ങ് | തെങ്ങ് വളത്തിന് അപേക്ഷിച്ചിട്ടില്ല | 25 | JC 107/13-14 |

അപേക്ഷകളിലോ പെർമിറ്റുകളിലോ ഒന്നും തന്നെ നിർവ്വഹണോദ്യോഗസ്ഥൻ കർഷകർ കൃഷിചെയ്തിട്ടുണ്ടോ എന്ന പരിശോധിക്കുകയോ പരിശോധനാറിപ്പോർട്ട് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തെരുവ് വിളക്ക് റിപ്പയർ & ആനുവൽ മെയിന്റനൻസ് - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

:

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഒരു ഇംഗ്ലീഷ്, ഒരു മലയാളം പത്രങ്ങളിൽ പരസ്യം നൽകി ടെണ്ടർ ക്ഷണിക്കേണ്ടതാണ്. അടങ്കൽ 300,000/- മായിട്ടുള്ള ടി പ്രോജക്ടിന് ഒരു മലയാള പത്രത്തിൽ മാത്രമാണ് പത്രപരസ്യം നൽകിയിട്ടുള്ളത്. പരസ്യത്തിനും ടെണ്ടർ ക്ഷണിക്കുന്ന അവസാന തിയതിക്കും ഇടയിൽ 21 ദിവസം നൽകണം. എന്നാൽ 14 ദിവസം മാത്രമാണ് നൽകിയത്. ഈ കാരണങ്ങളാൽ ഒന്നിൽ കൂടുതൽ ടെണ്ടർ ലഭിച്ചിട്ടില്ല.

16 വാർഡുകളിലായി 766 സി.എഫ്.എൽ ലാമ്പുകൾ റിപ്പയർ ചെയ്യതിന് 395/- രൂപ നിരക്കിൽ 302,570/- രൂപ കരാറുകാരന് നൽകണം. ഇതിൽ 151,284/- രൂപ ഓഡിറ്റ് വർഷം നൽകി. (ചെക്ക് നം./തിയതി/തുക - 177783/27-8-13/75642/-, 47224/24-12-13/50000/-, 47100/24-1-14/25642/-) ബാക്കി തുക 14-15 വർഷമാണ് നൽകിയത്. 1967 ലെ ആദായ നികുതി നിയമം സെക്ഷൻ 194/സി പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് നൽകുന്ന പ്രതിഫലത്തുകയിൽ നിന്നും 1% നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. പാൻ നമ്പർ ഇല്ലെങ്കിൽ 20% നിരക്കിലും ഈടാക്കേണ്ടതാണ്. ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം ആദായ നികുതി ഈടാക്കി ആദായനികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 3-15 പ്രവൃത്തി പാതിവഴിയിൽ അവസാനിപ്പിച്ചു - ഭരണസമിതി തീരുമാനം ഇല്ല :

പ്രോജക്ട് - കുണ്ടുകാട് റോഡ്

കരാറുകാരൻ - എം.എം.ഇബ്രാഹിം

കരാർനമ്പർ - 41/12-13, 28.1.13

2012-13 സാമ്പത്തിക വർഷം 327000/- രൂപ അടങ്കലായി നടപ്പാക്കിയ കുണ്ടുകാട് റോഡ് എന്ന പ്രോജക്ടിൽ അളവുപുസ്തകം 127/12-13 പ്രകാരം ഒന്നാം പാർട്ട് ബില്ലിലൂടെ 253861/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മെറ്റലിംഗ്, ടാറിംഗ്, കൾവർട്ട്, കവർസ്ളാബ് എന്നിവയെല്ലാം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ടാറിംഗ് വരെയാണ് പ്രവൃത്തി ചെയ്തത്. തുടർന്ന് 13-14 സാമ്പത്തിക വർഷം സ്പിൽഓവറായി ബാക്കി തുകയ്ക്ക് (73139) പ്രോജക്ട് വെച്ചുവെങ്കിലും (85/13-14) പ്രവൃത്തി നടപ്പാക്കിയിട്ടില്ല. പ്രവൃത്തി പാതിവഴിയിൽ അവസാനിപ്പിച്ചതായാണ് കാണുന്നത്. ഇപ്രകാരം പ്രവൃത്തി അവസാനിപ്പിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നം. 14/29-05-2015)

## 3-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

പ്രോ.104/14

അടങ്കൽ - 960000

ചെലവ് - 920898 ട്രഷറി ബിൽ നം. 18/13-14, 13-3-14

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വിവിധ സർക്കാർ സ്കൂളുകളിലെ പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന ടി പ്രോജക്ട് പ്രകാരം 185 വീതം മേശയും കസേരയും ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയ്യതി | തുക |
|---|---|
| MIL/TRO-130/13-14, 17.2.14 | 174000 |
| MIL/TRO 133/13-14, 24.2.14 | 361713 |
| MIL/TRO-134/13-14, 26.2.14 | 385185 |
| ആകെ | 920898 |

എന്നാൽ ഇവ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം 174 പേർ മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. വിതരണം ചെയ്യാത്ത ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതായും രേഖയില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയെങ്കിലും (12/28-05-2015) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണപ്രവർത്തനം നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 2013-14 വർഷത്തിൽ നടത്തിയ താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തിയില്ല.

1.ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം(എസ്.സി&ജനറൽ)

2012-13 വർഷത്തിൽ ജില്ലാപഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച സംയുക്ത പ്രൊജക്ടുകളാണിവ. 2013-14 വർഷത്തിലാണ് ഇവയുടെ നിർമ്മാണം പൂർത്തിയായിരിക്കുന്നത്. കരാറുകാരനു നല്കേണ്ട തുകയുടെ ബാക്കി തുക കൊടുത്തുതീർത്തത് 2014-15വർഷത്തിലാണ്. ഈ പ്രൊജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | വർഷം | പ്രവൃത്തിയുടെപേര് | അടങ്കൽ തുക₹ | ചെലവഴിച്ച തുക |
|---|---|---|---|---|
| 82 | 2013-14 | ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം-ജനറൽ | തനത് ഫണ്ട്-487500<br>ജില്ലാ പഞ്ചായത്ത്-1462500<br>ആകെ ₹1950000 | ചെക്ക്നമ്പർ:177772/<br>27.5.13;₹1402500<br>ചെക്ക്നമ്പർ:162540/<br>23.5.13;₹450000<br>നികുതികളും മറ്റും₹97500<br>ആകെ 1950000 |
| 83 | 2013-14 | ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം(എസ്.സി) | തനത് ഫണ്ട്-204943,<br>ജില്ലാ പഞ്ചായത്ത്-1462500,വികസന ഫണ്ട്-282557<br>ആകെ ₹1950000 | ട്രഷറി ബിൽ നമ്പർ 150/12-13/26.3.13;₹282557<br>ചെക്ക്നമ്പർ:181619/<br>20.4.13;₹1667443 |

| | | | | |
|---|---|---|---|---|
| | | | | ആകെ₹1950000 |
| 116 | 2013-14 | ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം-പൂർത്തീകരണം(ജനറൽ) | വികസന ഫണ്ട്-1500000 | ട്രഷറി ബിൽ നമ്പർ 7/13-14/31.12.13;₹900000<br><br>2014-15 ൽ₹599355<br><br>ആകെ ₹1499355 |
| 117 | 2013-14 | ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം-പൂർത്തീകരണം(എസ്.സി) | വികസന ഫണ്ട്(എസ്.സി.പി)-1500000 | ട്രഷറി ബിൽ നമ്പർ 6/13-14/26.12.13;<br><br>₹1013547<br><br>ട്രഷറി ബിൽ നമ്പർ 30/13-14/28.3.14;<br><br>₹156453<br><br>2014-15 ൽ₹326579<br><br>ആകെ₹1496579 |
| 118 | 2013-14 | ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം-അനുബന്ധ സൗകര്യങ്ങൾ(ജനറൽ) | തനത് ഫണ്ട്-105000,സംരക്ഷണഗ്രാന്റ്-150000ആകെ<br><br>₹255000 | ട്രഷറി ബിൽ നമ്പർ 29/13-14/28.3.14;₹150000<br><br>2014-15ൽ₹103048<br><br>ആകെ₹253048 |
| 119 | 2013-14 | ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം-അനുബന്ധ സൗകര്യങ്ങൾ(എസ്.സി) | തനത് ഫണ്ട്-60000,വികസന ഫണ്ട്(എസ്.സി.പി)-300000<br><br>ആകെ | ട്രഷറി ബിൽ നമ്പർ 31/13-14/28.3.14;₹300000 |

| | | | | |
|---|---|---|---|---|
| | | | ₹360000 | 2014-15ൽ₹58344<br>ആകെ₹358344 |
| ആകെ | | | | 7507326 |

12ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ(ജി.ഒ.(എം.എസ്)248/2012/29.9.12)യിലെ ഖണ്ഡിക 3.6,ക്രമ നമ്പർ 2 പ്രകാരം ഭവന സമുച്ചയങ്ങൾ(ഫ്ലാറ്റ്) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ ഫ്ലാറ്റുകൾ നിർമ്മിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയില്ല. ചെറുതുരുത്തി വില്ലേജ് സർവ്വെനമ്പർ 173/7ലുള്ള ഹൈസ്കൂൾ കൃഷിസ്ഥലം,173/1ലുള്ള പുറമ്പോക്ക് വെള്ളച്ചാൽ എന്നിവിടങ്ങളിലാണ് ഫ്ലാറ്റുകൾ നിർമ്മിച്ചതെന്ന തർക്കം ഉടലെടുത്തതിനെ തുടർന്ന് സബ് കളക്ടറുടെ ഉത്തരവ് പ്രകാരം നിർമ്മാണം നിറുത്തിവെക്കേണ്ടി വന്നിരുന്നു. പിന്നീട് ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയാക്കി ഫ്ലാറ്റിൽ ആളുകളെ താമസിപ്പിച്ചിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭ്യമാക്കുവാൻ ആവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

12ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ(ജി.ഒ.(എം.എസ്)248/2012/29.9.12)യിലെ ഖണ്ഡിക 3.6,ക്രമ നമ്പർ 2 പ്രകാരം ഭവന സമുച്ചയത്തിലെ (ഫ്ലാറ്റ്) ഒരു വീടിന് നല്കാവുന്ന സബ്സിഡി 325000 രൂപയാണ്. ഒരു വീടിന് 325000 രൂപയിൽ അധികരിക്കാത്ത വിധത്തിൽ വേണം സമുച്ചയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാനെന്നും പ്രസ്തുത ഉത്തരവിൽ പറയുന്നു. എന്നാൽ പഞ്ചായത്ത് നിർമ്മിച്ച രണ്ടു ഫ്ലാറ്റുകളിലായി 12കുടുംബങ്ങളെയാണ് പാർപ്പിച്ചിരിക്കുന്നത്. ഇതനുസരിച്ച് ഒരു കുടുംബത്തിനായി പഞ്ചായത്ത് 6,25,610/- രൂപ (7507326/12)ചെലവഴിച്ചിട്ടുണ്ട്.സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.കെ.എസ്.ഇ.ബി കെട്ടിട നിർമ്മാണം

പ്രോ.നമ്പർ : 113/14

അടങ്കൽ : തനത് ഫണ്ട്-₹500000

13ാം ധനകാര്യ കമ്മീഷൻ അവാർഡ്:₹1000000

ആകെ-₹1500000

ചെലവഴിച്ച തുക : ട്രഷറി ബിൽ നമ്പർ 11/13-14/20.1.14;₹1000000

ചെക്ക്നമ്പർ:184096/22.4.14;₹486289

ആകെ- ₹1486289

കെ.എസ്.ഇ.ബി ഓഫീസിന് കെട്ടിടം നിർമ്മിച്ചു നല്കുന്നതിനായി 2013-14 ൽ 1486289 രൂപ ചെലവഴിച്ചിട്ടുണ്ട്. 29.5.15 ന് പ്രവൃത്തിയിടം സന്ദർശിച്ച ഓഡിറ്റ് സംഘത്തിന് പ്രവൃത്തി പാതിവഴിയിൽ നിറുത്തിവെച്ചതായാണ് കാണുവാൻ കഴിഞ്ഞത്. റെയിൽവെയുടെ വസ്തുവാണിതെന്നു സൂചിപ്പിക്കുന്ന ഒരു ബോർഡും സ്ഥാപിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റിന് എൻക്വയറിക്ക് പഞ്ചായത്ത് അധികൃതർ നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ കൈവശത്തിലും നിയന്ത്രണത്തിലും ഉണ്ടായിരുന്ന മൃഗാശുപത്രി കെട്ടിടം നിലനിന്നിരുന്ന് സ്ഥലത്താണ് നിർമ്മാണം നടത്തിയതെന്നും ഉടമസ്ഥാവകാശം സംബന്ധിച്ച് പരാതി ആരോപിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണം നിറുത്തിവെച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണം നടത്തിയതാണ് മേൽ പ്രവൃത്തികളിലെ അനിശ്ചിതാവസ്ഥക്കു കാരണം. പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3.പകൽ വീട്

പ്രോജക്റ്റ് നമ്പർ : 87/14

അടങ്കൽ : തനത് ഫണ്ട്-₹480901

13ാം ധനകാര്യ കമ്മീഷൻ അവാർഡ്:₹250000

ലോകബാങ്ക്: ₹444099

ആകെ-₹1175000

ചെലവഴിച്ച തുക : ട്രഷറി ബിൽ നമ്പർ 24/13-14/17.3.14;₹91364

2012-13ൽ ₹602735

2014-15 ൽ ₹278205

ആകെ ₹972304

പഞ്ചായത്തിന്റെ പ്രാഥമികാരോഗ്യകേന്ദ്രത്തിനു സമീപമായാണ് പകൽവീട് നിർമ്മിച്ചിരിക്കുന്നത്. 29.5.15 ൽ ഓഡിറ്റ് സംഘം പ്രസ്തുത കെട്ടിടം സന്ദർശിക്കുകയുണ്ടായി. സ്ഥാപനം പ്രസ്തുത സമയത്തും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടം നിർമ്മിച്ചിരിക്കുന്നത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്താണ്. ഇതിനായി ആരോഗ്യ വകുപ്പിന്റെ അനുമതിയും വാങ്ങിയിട്ടില്ല.

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ അനുബന്ധസ്ഥാപനമായാണ് പകൽവീട് നിർമ്മിച്ചിരിക്കുന്നത് എന്ന് പഞ്ചായത്ത് അധികൃതർ എക്സിറ്റ് യോഗത്തിൽ അറിയിക്കുകയുണ്ടായി. സ്ഥാപനം നിർമ്മിച്ചതിന് ആരോഗ്യ വകുപ്പിന്റെ അനുമതി വാങ്ങേണ്ടതും പ്രവർത്തനം ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-18 നിർമ്മാണ പ്രവൃത്തിയിടങ്ങളുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ അധീനതയിലാക്കിയില്ല

താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 2013-14 വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലാക്കുകയോ ആസ്തി രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

| പ്രൊജക്ട്നമ്പർ | പ്രവൃത്തിയുടെപേര് | ചെലവഴിച്ച തുക₹ | കുറിപ്പുകൾ |
|---|---|---|---|
| 109/14 | പി.എച്ച്.സി.പള്ളിക്കൽ സബ്സെന്റർ പൂർത്തീകരണം | ട്രഷറി ബിൽ 25/19.3.14<br>- 2,50,000/-<br>2014-15-3737/-<br>ആകെ-253737/- | വ്യക്തികളിൽ നിന്നും വിട്ടു കിട്ടിയ സ്ഥലം |
| 136/14 | അംഗൻവാടി നിർമ്മാണം നം.14 | ട്രഷറി ബിൽ നം. 45/31.3.14 - | " |

| | | | |
|---|---|---|---|
| | | 7,50,000/-<br><br>2014-15-28416/-<br><br>ആകെ- 778416/- | |
| 120/14 | അംഗൻവാടി നിർമ്മാണം നം.153 | ട്രഷറി ബിൽ നം. 43/31.3.14-5,50,000/-<br><br>2014-15-32,532/-<br><br>ആകെ - 582532 | " |

വിട്ടു കിട്ടിയ സ്ഥലങ്ങൾ പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കേണ്ടതും ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

## 3-19 എസ്റ്റിമേറ്റിൽ ലംപ്സം തുക വകയിരുത്തിയ ഇനത്തിന് യഥാർത്ഥ കാഷ് ബിൽ ഹാജരാക്കിയില്ല.

പ്രവൃത്തിയുടെ പേര്: പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ

പ്രോജക്റ്റ് നമ്പർ: 123/14

കൺവീനറുടെ പേര്: ശ്രീ.ജയനാരായണൻ

ചെലവഴിച്ച തുക:ട്രഷറി ബിൽ നമ്പർ:36/28.3.14/₹50000

2014-15ൽ ₹349629

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ലംപ്സം തുക വകയിരുത്തിയ ഇനങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ ഇനങ്ങൾ ക്വട്ടേഷൻ മുഖേനയാണ് വാങ്ങിയിരിക്കുന്നത്.

| ഇനം നമ്പർ | പ്രവൃത്തിയിനം | വകയിരുത്തിയ തുക₹ | അളവുപുസ്തകപ്രകാരം ചെലവഴിച്ച തുക₹ |
|---|---|---|---|
| 6 | Supplying and fitting name board | 38000 | 38000 |
| 7 | Presidents table | 42000 | 42000 |
| 8 | Members table(6 Nos.) | 52000 | 52000 |
| ആകെ | | | 132000 |

എസ്റ്റിമേറ്റിൽ ലംപ്സം തുക (മാർക്കറ്റ് നിരക്ക് ) വകയിരുത്തിയ ഇനങ്ങൾ മാർക്കറ്റിൽ നിന്നും വാങ്ങിയ വില തെളിയിക്കുന്ന യഥാർത്ഥ കാഷ് ബിൽ ഹാജരാക്കിയില്ല. RCN engineering works,Pallam, National Glass House, Cheruthuruthy എന്നീ സ്ഥാപനങ്ങളുടെ പേരിലുള്ള സീൽ പതിപ്പിക്കാത്തതും ഫോറം 8ബി യിൽ അല്ലാത്തതും ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പിൽ എഴുതിച്ചേർത്ത രീതിയിലുള്ളതുമായ രശീതിയാണ് ഹാജരാക്കിയത്. ഇത് അംഗീകരിക്കത്തക്കതല്ല. യഥാർത്ഥ കാഷ് ബിൽ ഹാജരാക്കുന്നതുവരെ₹132000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-20 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ച് കരാർ ഉടമ്പടിയിലെ നിരക്കുകൾ അനുസരിച്ചുള്ള ബിൽതുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകുക. പ്രവൃത്തി പൂർത്തിയാക്കിയാലുടനെ തന്നെ വരവ് ചെലവ് കണക്ക് പുസ്തകം,വൗച്ചറുകൾ, മസ്റ്റർ റോളുകൾ ,മിനിട്സ് പുസ്തകം, നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ രശീതി, ക്യാഷ് ബിൽ എന്നിവ പഞ്ചായത്തിൽ ഹാജരാക്കണം. സിമന്റ്, കമ്പി തുടങ്ങിയ സാമഗ്രികൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങുവാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ പല പ്രവൃത്തികളിലും

സിമന്റ്, കമ്പി, ഷീറ്റ് തുടങ്ങിയ സാമഗ്രികൾ വാങ്ങിയതിന്റെ യഥാർത്ഥ ക്യാഷ് ബില്ല് ഹാജരാക്കിയിട്ടില്ല. പകരം സ്ഥാപനങ്ങളുടെ പേരിലുള്ള സീൽ പതിപ്പിക്കാത്തതും ഫോറം 8ബി യിൽ അല്ലാത്തതും ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പിൽ എഴുതിച്ചേർത്ത രീതിയിലുള്ളതുമായ രശീതിയാണ് ഹാജരാക്കിയത്. ഇത് അംഗീകരിക്കത്തക്കതല്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | കൺവീനർ | ചെലവഴിച്ച തുക₹ | കുറിപ്പുകൾ |
|---|---|---|---|
| ചെറുതുരുത്തി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പൂർത്തീകരണം | മാധവനുണ്ണി | ട്രഷറി ബിൽ നമ്പർ:<br>32/28.3.14/₹500000,<br>2014-15ൽ ₹146942 | സിമന്റ്, സ്റ്റീൽ, റൂഫിങ്ങ് സാമഗ്രികൾ,<br>ടൈൽ,പെയിന്റിംഗ് സാമഗ്രികൾ എന്നിവ വാങ്ങിയിട്ടുണ്ട്. |
| വനിത പരിശീലന കേന്ദ്രം പൂർത്തീകരണം | പ്രീജ പ്രകാശൻ | ട്രഷറി ബിൽ നമ്പർ:<br>33/28.3.14/₹280000,<br>2014-15ൽ ₹45000 | സിമന്റ്, ടൈൽ എന്നിവ വാങ്ങിയിട്ടുണ്ട്. |

സിമന്റ്, കമ്പി തുടങ്ങിയ സാമഗ്രികൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങിയതിന്റെ യഥാർത്ഥ കാഷ് ബില്ലുകൾ ഹാജരാക്കേണ്ടതാണ്.

## 3-21 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

2013-14 വർഷം 16 വാർഡുകളിലായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിവിധ പ്രവൃത്തികൾ നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) സൈറ്റ് ഡയറിയിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ ഒപ്പിടേണ്ട സ്ഥാനത്ത് കമ്മിറ്റിയിൽ ഉൾപ്പെടാത്തവർ ഒപ്പ് വെച്ചതായി കാണുന്നു.

(ബി) എസ്റ്റിമേറ്റുകളുടെ തലക്കെട്ട് പ്രവൃത്തി നടത്തുന്ന സ്ഥലം ഏതെന്ന് വ്യക്തമാക്കുന്ന രീതിയിലായിരിക്കണം. ഇപ്രകാരം ചെയ്തിട്ടില്ല.

(സി) കിണർ കുഴിക്കൽ, സ്വകാര്യ വ്യക്തികളുടെ കുളം നവീകരണം എന്നിങ്ങനെയുള്ള പ്രവൃത്തികളിൽ എല്ലാ ഗുണഭോക്താക്കളുടെയും അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, കിണർ കുഴിച്ച 48 ഗുണഭോക്താക്കൾ ആരൊക്കെയെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(ഡി) 14ദിവസം കൂടുമ്പോൾ മേറ്റുമാരെ മാറ്റണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

(ഇ) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ് .

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
| --- | --- | --- | --- | --- | --- |

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്.ഭവനപദ്ധതി | 32661/db1/09/ത.സ്വ.ഭ.വ/16/6/2009 | 5143284 | 1205000 | 515000 | 620763 | 890000 |
| | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10010 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 10010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10010 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 7516/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1985-86 | 4(a) | 77 | സി.രാമൻകുട്ടി | 11315101512/7-9-13 |
| 1986-87, 1987-88 | 3 | 139 | സി.രാമൻകുട്ടി | 11315101512/7-9-13 |
| 20012002, 2002-03 | 3(1), 2(2)2(1) | 500 | മുഹമ്മദ് അലി | 11315101744/1-10-13 |
| “ | “ | 500 | സുരേന്ദ്രൻ | 11315101745/1-10-13 |
| “ | “ | 500 | കെ.കെ.സുലൈമാൻ | 11315101746/1-10-13 |
| 2002-03 | 2-1 | 500 | അബ്ദുൾഖാദർ, ആംബുലൻസ് ഡ്രൈവർ | 113115101747/1-10-13 |
| “ | “ | 500 | മുഹമ്മദാലി | 11315102278/2-12-13 |
| “ | “ | 500 | സുരേന്ദ്രൻ | 11315102279/2-12-13 |
| “ | “ | 500 | മുഹമ്മദാലി | 11315102643/1.1.14 |
| “ | “ | 500 | സുരേന്ദ്രൻ | 11315102644/1.1.14 |
| “ | “ | 500 | മുഹമ്മദാലി | 11315103018/1.2.14 |
| “ | “ | 500 | സുരേന്ദ്രൻ | 11315103019/1.2.14 |
| “ | “ | 500 | മുഹമ്മദാലി | 11315103693/3.3.14 |
| “ | “ | 500 | സുരേന്ദ്രൻ | 11315103693/3-3-4 |
| 2011-12 | 3-1 | 1300 | എം.ആർ.ചിത്രാ, അറ്റൻഡർ, ഹോമിയോ | 11315103691/3.3.14 |
| ആകെ | | 7516 | | |

വാർഷിക കണക്കിൽ ഈയിനത്തിൽ 7400/-രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. തുകകൾ തമ്മിൽ

പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74997783 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75012700 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 610910 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 70000 | വി.മായ, സെക്രട്ടറി |
| 3-7 | | 6200 | ശ്രീമതി.ബെന്നിറ്റ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

| | | | |
|---|---|---|---|
| ആകെ | | 76200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 10000 | വി.മായ, സെക്രട്ടറി |
| 3-10 | 260000 | ശ്രീ.കെ.എ.ഷൺമുഖൻ, വി.ഇ.ഒ |
| 3-11 | 25000 | ശ്രീമതി.ബെനീറ്റ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-12(1) | 183910 | ശ്രീമതി.ബെനീറ്റ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-19 | 132000 | സാന്റോ സെബാസ്റ്റ്യൻ, അസി.എഞ്ചിനീയർ |
| ആകെ | 610910 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി. മായ (സെക്രട്ടറി) | സെക്രട്ടറി<br>വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്ത് | കൃഷ്ണ നിവാസ്<br>തൃക്കൂർ പി. ഒ<br>680 306 |
| ബെനീറ്റ (ഐ.സി.ഡി.എസ്. സൂപ്പർവൈസർ) | ചവറ<br>ഐ.സി.ഡി.എസ്.പ്രോജക്ട് ഓഫീസർ , കൊല്ലം | ആറാട്ടുജോണി വില്ല<br>കോയിവിള.പി. ഒ<br>കൊല്ലം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 | |
| 71-72 | എൽ.എഫ്.ടി.1-2087/74/02.07.74 | 5 | |
| 73-74 | എൽ.എഫ്.ടി.1- 5829/75/23.12.75 | 2 | |
| 74-75 | എൽ.എഫ്.ടി.10-47/87/2/2/87 | 10 | |
| 75-76 | എൽ.എഫ്.ടി.4-267/77/05.09.77 | 15 | |
| 76-77 | എൽ.എഫ്.ടി4- 1954/78/04.08.78 | 10 | |
| 77-78 | എൽ.എഫ്.ടി.10-1512/81/02.12.81 | 10 | |

| | | | |
|---|---|---|---|
| 78-79 | എൽ.എഫ്.ടി.10-1572/81/02.12.81 | 14 | |
| 82-83 | എൽ.എഫ്.ടി.എസ്.2-1612/11/27.10.11/13.01.12 | 2 | |
| 83-84 | | 2 | |
| 84-85 | | 1 | |
| 85-86 | | 5 | |
| 86-87, 87-88 | | 10 | |
| 88-89, 89-90 | | 9 | |
| 90-91 | | 3 | |
| 91-92 | | 9 | |
| 92-93, 93-94 | | 11 | |
| 94-95 | | 19 | |
| 95-96 | | 3 | |
| 96-97 ചെലവ് | എൽ.എഫ്.ടി.12-768/97/03.07.99/ 04.11.99 | | |
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/03.12.05 | | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/13.03.00 | | |
| 98-99 | എൽ.എഫ്.ടി.12-619/01/16.07.01 | | |
| 99-00 (ചെലവ്) | എൽ.എഫ്.ടി.10-1024/03/03.10.13/ 08.09.04 | | |
| 99-00 (വരവ്) | എൽ.എഫ്.ടി.10- 1935/07/08.11.08 | | |
| 00-01 | എൽ.എഫ്.ടി.10-1573/08/11.02.04 | | |
| 00-01(വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/18.11.08 | | |
| 01-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/29.07.09 | | |
| 02-03 | എൽ.എഫ്.ടി.10-865/08/2907.09/ 07.10.09 | | |
| 03-04 | എൽ.എഫ്.ടി.10-2661/08/15.09.10 | | |
| 04-05 | എൽ.എഫ്.ടി.10-2662/08/15.09.10 | | |
| 05-06 | എൽ.എഫ്.ടി.10-584/10/15.09.10 | | |
| 06-07 | എൽ.എഫ്.ടി.10-585/10/15.09.10 | | |
| 07-08 | എൽ.എഫ്.ടി.10-1147/10/19.03.11 | | |
| 08-09 | എൽ.എഫ്.ടി.10-1165/10/22.03.11/ 03.10.11 | | |
| 09-10,10-11 | എൽ.എഫ്.ടി.പി4-2277/12/13.02.13 | | |
| 11-12 | എൽ.എഫ്.ടി.പി4-1057/13/22.11.13/ 20.12.13 | | |
| 12-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ